**കേരള സർക്കാർ**

**സംഗ്രഹം**

ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ (100 % കേന്ദ്രധനസഹായ പദ്ധതി) തുക - വിതരണം സംബന്ധിച്ച് പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ ( സാധാ) നമ്പർ. 74/2014/പിസവിവ. തീയതി, തിരുവനന്തപുരം, 01/09/2014

================================================================

വായിച്ചവ :- 1. സ.ഉ (എം.എസ്)നം.11/2010/പജപവവിവ തീയതി 08.02.2010.

2. കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ 11.08.2011-ലെ 11014/21/2006-ബി.സി-1 നമ്പർ കത്ത്.

3 . സ.ഉ(സാധാ) നം. 108/2013/പിസവിവ തീയതി 11.12.2013.

4. കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ 23.05.2014-ലെ 11014/1/2014- BC-1 നമ്പർ കത്ത്.

**ഉത്തരവ്**

പിന്നോക്ക സമുദായത്തിൽപ്പെട്ട +1, +2 (10+2 സിസ്റ്റം) കോഴ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2009-10 വർഷം മുതൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2. 100 % കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പരാമർശം (2)-ൽ പ്രതിപാദിച്ചിട്ടുള്ള ഗ്രൂപ്പ് എ.ബി.സി ഗ്രൂപ്പുകളിലേക്കു കൂടി വ്യാപിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ ഭരണാനുമതി നൽകി. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, സംസ്ഥാന സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയും Committed Liability പ്രകാരമുള്ള തുകയും ഉൾപ്പെടെയുള്ള തുകയുടെ 60 % ഗ്രൂപ്പ് ഡി കോഴ്സുകൾക്കായും, ബാക്കി വരുന്ന തുക യഥാക്രമം 2:2:1 എന്ന അനുപാതത്തിൽ A,B,C കോഴ്സുകൾക്ക് അനുവദിച്ചുകൊണ്ടും, ഇങ്ങനെ ഓരോ ഗ്രൂപ്പിനായും മാറ്റി വയ്ക്കുന്ന തുകയുടെ പരിധിയ്ക്കുള്ളിൽ നിന്ന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) സ്കോളർഷിപ്പ് തുക ലഭിക്കുന്നതിന് വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയോ അതിൽ കുറവോ ആയിരിക്കണം.

(b) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വരുമാന പരിധിയില്ലാതെ തന്നെ ഇപ്പോൾ ലഭിക്കുന്നതിനാൽ, ഈ സ്കോളർഷിപ്പ് പദ്ധതിയിൽ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(c) ഒരു കുടുംബത്തിലെ രണ്ട് അംഗങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

എന്നാൽ പെൺകുട്ടികളാണെങ്കിൽ ഈ നിബന്ധന ബാധകമല്ല.

(d) മറ്റേതെങ്കിലും സർക്കാർ പദ്ധതികൾ പ്രകാരം സ്കോളർഷിപ്പോ/ സ്റ്റൈപ്പന്റോ/Lumpsum Grant (Eg.Minority Scholarship/ KPCR ആനുകൂല്യം) വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരം ഒരു വിദ്യാർത്ഥിക്ക് ഏതെങ്കിലും ഒരു പദ്ധതി പ്രകാരമുള്ള ആനുകൂല്യം മാത്രമേ നൽകുന്നുവെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവിയും പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറും ഉറപ്പാക്കേണ്ടതാണ്.

(e) ഓരോ വിഭാഗം (A,B,C,D) കോഴ്സുകൾക്കും ഖണ്ഡിക 3-ൽ പറയുന്ന പ്രകാരം മാറ്റിവച്ച തുകയുടെ പരിധിക്കുള്ളിൽ നിന്ന് സ്കോളർഷിപ്പ് നൽകുന്നതിനായി ഉയർന്ന ഗ്രേഡ് /70% മാർക്ക് ഉയർന്ന മാർക്ക് പരിധിയോ പരിഗണിക്കേണ്ടതാണ്. ഒരേ ഗ്രേഡ് /മാർക്ക് ലഭിച്ച കുട്ടികളെ പരിഗണിച്ച് അർഹതാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ, അർഹരായ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമായ തുകയേക്കാൾ കൂടുതലാണെങ്കിൽ ഇവരിൽ നിന്ന് ഏറ്റവും കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകി ഓരോ ഗ്രൂപ്പിലേയും അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി സ്കോളർഷിപ്പ് നൽകേണ്ടതാണ്.

(f) ടി സ്കോളർഷിപ്പിന് അപേക്ഷ നൽകുന്നവർ 80 % ഹാജരിൽ കൂടുതൽ ഉള്ളവരായിരിക്കണം.

ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും തുക പിൻവലിക്കുന്നതിനും വിതരണം ചെയ്യുന്നതിലും പരാമർശം (3)-ലെ സർക്കാർ ഉത്തരവ് വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്,അയ്യങ്കാളി ഭവൻ,കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) , കേരളം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , കേരളം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ